**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3295** **01-03-2023 - ൽ മറുപടിയ്ക്ക്**

**എക്സൽ ഗ്ലാസ്സ് ഫാക്ടറി ജീവനക്കാർക്ക് ലഭിക്കേണ്ട റിട്ടയർമെന്റ് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ പ്രവർത്തിച്ചിരുന്ന എക്സൽ ഗ്ലാസ്സ് ഫാക്ടറിയിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് നിയമാനുസൃതം ലഭിക്കേണ്ട റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കാത്തതു കാരണം അവർ നേരിടുന്ന പ്രതിസന്ധിയും, പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>എക്സൽ ഗ്ലാസ്സ് ഫാക്ടറിയിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച 44 അപേക്ഷകളിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും, ഉത്തരവ് തുക അടയ്ക്കാത്തതിനാൽ 41 കേസുകളിൽ റവന്യൂ റിക്കവറി റിക്വിസിഷൻ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ശേഷിച്ച കേസുകളിൽ ഒന്നിൽ മാനേജ്മെന്റിനെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും 2 കേസുകളിൽ അപേക്ഷകർ ഫോറം ടി സമർപ്പിക്കാത്തതിനാൽ പെന്റിംഗിലുമാണ്. |
| (ബി) | ഏത്രകോടി രൂപയാണ് പ്രസ്തുത ജീവനക്കാർക്ക് ഈ കമ്പനിയിൽ നിന്നും ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 19/6/2020 തീയതിയിൽ ആലപ്പുഴ ജില്ലാ ലേബർ ഓഫീസർ തയ്യാറാക്കിയ ലിസ്റ്റ് അനുസരിച്ച് അവസാനം വാങ്ങിയ ശമ്പളം (Basic + FDA + VDA), 10% Interest, One month Notice Pay എന്നിവ ഉൾപ്പെടുത്തി 539 തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി തുകയായി 11,57,65,878/- രൂപ കമ്പനിയിൽ നിന്ന് തൊഴിലാളികൾക്ക് ലഭിക്കാനുണ്ട്. |
| (സി) | ജീവനക്കാരുടെ ആനുകൂല്യ വിതരണവുമായി ബന്ധപ്പെട്ട് ദേശീയ കമ്പനി നിയമ ട്രിബ്യൂണൽ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് എക്സൽ ഗ്ലാസ് ഫാട്കറി മാനേജ്മെന്റ് പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | കമ്പനി നടത്തിക്കൊണ്ടു പോകുവാൻ മാനേജ്മെന്റിന് സാധിക്കാതെ വന്നതിനെത്തുടർന്ന് കമ്പനിയിൽ നിന്ന് കിട്ടാനുള്ള തുകയ്ക്ക് വേണ്ടി M/s.ബ്ലൂൺ ഇൻവെസ്റ്റ്മെന്റ് ആന്റ് ട്രേഡിംഗ് കമ്പനി (കമ്പനിയ്ക്ക് ധനസഹായം നൽകിയവരിൽ ഒരാൾ) എന്ന സ്ഥാപനം NCLT യെ സമീപിക്കുകയും റിവൈവലിനു വേണ്ടി ആരും വരാത്തതിനെ തുടർന്ന് NCLT കമ്പനി ലിക്വിഡേറ്റ് ചെയ്യാൻ ശ്രീ.രവീന്ദ്ര ചതുർവേദിയെ IRP പ്രൊഫഷണലായി നിയമിക്കുകയും ചെയ്തു. ജീവനക്കാരുടെ ക്ലെയിം 7,39,20,867/-രൂപയിൽ നിലവിൽ സ്റ്റോക്ക്, |

| | | | |
|---|---|---|---|
| | | | മെഷിനറി, ബിൽഡിംഗ് എന്നിവ വിറ്റ് കിട്ടിയ തുകയിൽ നിന്നും 2,76,71,082/-രൂപ നൽകിയിട്ടുള്ളതാണെന്നും ബാക്കിയുള്ള തുക കമ്പനിയുടെ ഭൂമി വിറ്റു കിട്ടുന്ന മുറയ്ക്ക് മുഴുവനായും കൊടുത്തു തീർക്കാൻ പറ്റുമെന്നുമാണ് ലിക്വിഡേറ്ററിൽ നിന്ന് അറിയാൻ സാധിച്ചത്. |
| (ഡി) | പ്രസ്തുത ഫാക്ടറിയിലെ ജീവനക്കാർക്ക് നിയമാനുസൃതം ലഭിക്കേണ്ട റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | എക്സൽ ഗ്ലാസ്സ് ഫാക്ടറിയിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച 44 അപേക്ഷകളിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും, ഉത്തരവ് തുക അടയ്ക്കാത്തതിനാൽ 41 കേസുകളിൽ റവന്യൂ റിക്കവറി റിക്വിസിഷൻ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ശേഷിച്ച കേസുകളിൽ ഒന്നിൽ മാനേജ്മെന്റിനെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും 2 കേസുകളിൽ അപേക്ഷകർ ഫോറം ടി സമർപ്പിക്കാത്തിനാൽ പെന്റിംഗിലുമാണ്. റവന്യൂ റിക്വിസിഷൻ നൽകിയ കേസുകളിൽ ആലപ്പുഴ ജില്ലാ കളക്ടർ മുഖേന സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്. കമ്പനിയുടെ ഭൂമി വിറ്റു കിട്ടുന്ന മുറയ്ക്ക് തുക മുഴുവനായും കൊടുത്തു തീർക്കാൻ പറ്റുമെന്നുമാണ് ലിക്വിഡേറ്റർ അറിയിച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ